# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5110**      28.10.2016 ലെ മറുപടിക്ക്

## നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ വീടുകൾ പണിയുന്നതിന് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.യു പ്രതിഭ ഹരി : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) വർഷങ്ങളായി പുരയിടമായി കിടക്കുന്നതും വർഷങ്ങൾ പഴക്കമുള്ള വൃക്ഷങ്ങൾ നിൽക്കുന്നതുമായ ഭൂമി നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നിലവിലുള്ള വീടുകൾ പുതുക്കി പണിയുന്നതിനും പുതിയ വീടുകൾ പണിയുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മേൽ വിഷയം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (ബി) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പ് നികത്തപ്പെട്ട നെൽവയലുകളിൽ വീട് വയ്ക്കുന്നതിന് അനുമതി നൽകുന്നതിന് സഹായകരമായ രീതിയിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 10 സെന്റ് വസ്തുവും മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ 5 സെന്റ് വസ്തുവും ബി.റ്റി.ആർ-ൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്ത് നെൽവയൽ രൂപാന്തരപ്പെടുത്തി ഗാർഹിക കെട്ടിടങ്ങൾ പണിയുവാൻ അനുമതി നൽകുന്നുണ്ട്. ഇതിന് അപേക്ഷകൻ ഫാറം നമ്പർ 1 ൽ പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ അപേക്ഷ നൽകുകയും അവിടെ നിന്ന് ജില്ലാതല നിരീക്ഷണ സമിതിയിൽ അനുമതിക്ക് നൽകുകയും ചെയ്യണം. ജില്ലാതല നിരീക്ഷണ സമിതിയാണ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നത്. അനുമതി ലഭിക്കുന്നതിന് ആവശ്യക്കാരന്റെ ഉടമസ്ഥതയിൽ വേറെ വസ്തുക്കളൊന്നും ഉണ്ടായിരിക്കാൻ പാടില്ല. |

സെക്ഷൻ ഓഫീസർ